
**അഴിമതിക്കാർക്കും കള്ളപ്പണക്കാർക്കുമെതിരായ പ്രക്ഷോഭം ശക്തിപ്പെടുത്തണം**
**2011.02.22**



സ്പെക്ട്രം അഴിമതിക്കേസിൽ പ്രതിയായ മുന് കേന്ദ്രമന്ത്രി എ.രാജ കഴിഞ്ഞ ചില ആഴ്ചകളിലായി ജയിലിലാണ്. ഇടമലയാർ അഴിമതിക്കേസിൽ കുറ്റവാളിയാണ് എന്ന സുപ്രിംകോടതി വിധിയെത്തുടർന്ന് കേരളത്തിൽ വളരെക്കാലം പല മന്ത്രിസഭകളിലും അംഗമായിരുന്ന ആർ.ബാലകൃഷ്ണപിള്ളയും ജയിലിലായി.

സമീപകാലത്ത് പുറത്തുവന്ന പല അഴിമതിക്കേസുകളും അക്ഷരാർഥത്തിൽ നാടിനെ ഞെട്ടിച്ചു. ജനങ്ങൾക്ക് ജനാധിപത്യത്തിലുള്ള വിശ്വാസത്തിന്റെ അടിത്തറതന്നെ തകരുകയാണ്. അഴിമതിയും കോഴയും കള്ളപ്പണവും ഇന്ത്യന് രാഷ്ട്രീയത്തിൽ ഇന്ന് അരങ്ങു തകർക്കുകയാണ്. ഇവയ്ക്കെതിരെ ദേശവ്യാപകമായി ജനങ്ങളെ അണിനിരത്തി പോരാട്ടം നടത്തുകയാണ് കമ്മ്യൂണിസ്റ്റു പാർട്ടിയും ഇടതുപക്ഷ–പുരോഗമന ശക്തികളും.

ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും അവയുടെ കൂടപ്പിറപ്പായ സ്വകാര്യവൽക്കരണ ത്തിന്റെയും ഈ കാലഘട്ടത്തിൽ ബഹുരാഷ്ട്ര കുത്തകകളും ഇന്ത്യൻ കുത്തക മുതലാളിമാരും അവർക്കു ദാസ്യവേല ചെയ്യുന്ന രാഷ്ട്രീയക്കാരും ചേർന്ന് സാമ്രാജ്യത്വത്തിന്റെ കാർമികത്വ ത്തിൽ സൃഷ്ടിക്കപ്പെട്ട സ്ഫോടനാത്മകമായ ഒരവസ്ഥാവിശേഷം ഇന്ന് ലോകമെമ്പാടും ഭീകര പ്രസ്ഥാന ങ്ങളുടെ വളർച്ചയ്ക്കു വഴിവയ്ക്കുന്നു. കേട്ടുകേഴ്വിയില്ലാത്ത അഴിമതിയുടെയും കോഴയുടെയും പുതിയ അധ്യായങ്ങൾ രചിക്കുന്നു. മയക്കുമരുന്നും കള്ളക്കച്ചവടവും കൂടി ഇവയോടു ചേർത്ത് ഏകാധിപതികൾ രാഷ്ട്രീയാധികാരം വെട്ടിപ്പിടിക്കാന് ശ്രമിക്കുന്നു, ജനാധിപത്യത്തെ കുരുതി പെയ്തു കൊണ്ട്. ലാറ്റിൻ അമേരിക്കയിലും ആഫ്രിക്കയിലും ഈ ശക്തികൾ ജനാധിപത്യത്തെ പലയിടത്തും കശാപ്പു ചെയ്തു. ഇറ്റലിയിൽ ഇതു സ്ഥിരമായി രാഷ്ട്രീയ അനിശ്ചിതത്വത്തിനു വഴിവയ്ക്കുന്നു. മ്യാന്മാറിൽ (ബർമ്മയിൽ) ഈ ശക്തികൾ പട്ടാള ഭരണത്തെ അരക്കിട്ടുറപ്പിച്ചു, ജനാധിപത്യത്തെ കശാപ്പു ചെയ്തു കൊണണ്ട്. ഈ ശക്തികൾ ഇന്തോനേഷ്യ, തായ്‌ലന്റ് തുടങ്ങിയ രാജ്യങ്ങളിലും ജനാധിപത്യത്തിനു നേരേ സമീപകാലത്ത് ഭീഷണിയുയർത്തി.

ഈ പശ്ചാത്തലത്തിൽ വേണം ഇന്ത്യയിലാകെയും കേരളത്തിലും സമീപകാലത്തുയർന്നുവന്ന വൻ അഴിമതിക്കേസുകളും അവയുടെ പിന്നിലുള്ള രാഷ്ട്രീയത്തേയും വിലയിരുത്തുവാൻ. ഇത്തരത്തിലുള്ള രാഷ്ട്രീയ അഴിമതികൾ ജനാധിപത്യത്തിനു നേരെയുള്ള ഭീഷണി എന്നതിനു പുറമെ, ജനങ്ങൾക്കവകാശ പ്പെട്ട രാജ്യത്തിന്റെ സമ്പത്ത് കൊള്ള ചെയ്ത് ജനജീവിതം കൂടുതൽ ദരിദ്രമാക്കുന്നതിനും ജനങ്ങൾക്കും രാജ്യത്തിനും ഗുണമേന്മയുള്ള ജീവിതസാഹചര്യങ്ങൾ നിഷേധിക്കുന്നതിനും വഴിവയ്ക്കുന്നു.

അതുകൊണ്ട് അഴിമതിയ്ക്കെതിരെയുള്ള സമരത്തിന് അതിയായ പ്രാധാന്യമുണ്ട്. അത് ജനാധിപത്യ സംരക്ഷണത്തിനും ജനങ്ങൾക്കു മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഒരുക്കുന്നതിനും രാജ്യത്തിന്റെ സർവ്വതോമുഖമായ പുരോഗതിയുറപ്പു വരുത്തുന്നതിനും ആ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുമുള്ള ഈ കാലഘട്ടത്തിലെ സുപ്രധാനമായ ഒരു സമരമാണ്. ജനാധിപത്യത്തിന്റെ സുസ്ഥിരമായ നിലനിൽപിനും വേണ്ടിയുള്ള അനുപേക്ഷണീയമായ സമരം.

സ്വിറ്റ്സർലന്റിലെ ബാങ്കുകളിലും മറ്റു ചില യൂറോപ്യൻ രാജ്യങ്ങളിലെ ബാങ്കുകളിലും രഹസ്യ അക്കൗണ്ടുകളിൽ പണം നിക്ഷേപിക്കാനുള്ള സൗകര്യമുണ്ട്. അവയ്ക്ക് നികുതി നൽകിയാൽ മതി. ആർ, എവിടെ നിന്ന് നിക്ഷേപിച്ചു, എങ്ങനെ ലഭിച്ച പണമാണ് ഇത്തരം ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്നത് എന്ന കാര്യം മറ്റാർക്കും അറിയാൻ സാധാരണഗതിയിൽ മാർഗമില്ല. അത് അവർ അതീവ രഹസ്യമായി സൂക്ഷിക്കും എന്ന ഉറപ്പ് ഇത്തരം നിക്ഷേപകർക്കു പ്രോത്സാഹനവുമാണ്.

ഇന്ത്യയിലെ കോർപ്പറേറ്റ് കോടീശ്വരന്മാർ, ആയുധക്കച്ചവടക്കാർ, മയക്കുമരുന്ന് മാഫിയകൾ, രാഷ്ട്രീയത്തിലെ അഴിമതിത്താപ്പാനകൾ, കയറ്റിറക്കുമതി കമ്പനികൾ, ഹവാലാ ഇടപാടുകാർ തുടങ്ങിയ വരുടെ വഴിവിട്ട കള്ളപ്പണ സമ്പാദ്യങ്ങൾ തുടങ്ങിയവ ഈ ബാങ്കുകളിലെ ഇരുണ്ട അറകളിൽ രഹസ്യമായി നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്.

ഈ രഹസ്യ നിക്ഷേപങ്ങൾ എല്ലാവർക്കും ഒരു ഭീഷണിയാണ്. അതുകൊണ്ട് ഈ നിക്ഷേപങ്ങളുടെ രഹസ്യസ്വഭാവം മാറ്റണമെന്ന ശക്തിയായ സമ്മർദ്ദം സാർവദേശീയമായി ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ ബാങ്കിംഗ് രഹസ്യത്തിലേയ്ക്ക് താക്കോൽദ്വാരത്തിലൂടെ നോക്കിക്കാണാനുള്ള ഒരു സൗകര്യം ഇന്നു സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ അറിയണമെന്നു താൽപര്യമുള്ളവർ സൃഷ്ടിക്കുന്ന കൂടുതൽ വലിയ സമ്മർദ്ദത്തിനു മുന്നിൽ ആ രഹസ്യത്തിന്റെ കറുത്ത ആവരണം ഇന്ന് ക്രമേണ നീക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്.

ഈ പുതിയ സാഹചര്യം പൂർണമായുപയോഗിച്ച് വൻകിട സാമ്പത്തിക കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിന് ഇന്ത്യാ ഗവണ്മെന്റ് തന്റേടത്തോടെ നടപടികളെടുക്കുന്നില്ല. ദുരൂഹമായ സാഹചര്യങ്ങളിലാണ് സാങ്കേതിക ന്യായങ്ങളുന്നയിച്ചുകൊണ്ട് ഇന്ത്യാ ഗവണ്മെന്റ് ഉരുണ്ടുകളിക്കുന്നത്. ധനമന്ത്രി പ്രണബ് മുഖർജി പ്രസ്താവിച്ചു; സ്വിസ് ബാങ്ക് യൂറോപ്യന് ബാങ്കുകളിലെ രഹസ്യ നിക്ഷേപകർ ആരാണെന്നു തങ്ങൾക്കറിയാം. എന്നാൽ ചില ഉടമ്പടി ബാധ്യതകളുടെ അടിസ്ഥാനത്തിൽ അവരുടെ പേരു വെളിപ്പെടുത്താൻ തനിക്കാവില്ല എന്ന ന്യായമാണദ്ദേഹം പറഞ്ഞത്. അതു പല സംശയങ്ങൾക്കും വഴിവയ്ക്കുന്നു. കുപ്രസിദ്ധമായ ബൊഫോഴ്സ് ഇടപാടിലെ ഇടനിലക്കാർ ക്വത്ത്റോച്ചി, വിൻച്ഛദ്ദ തുടങ്ങി യവർ ആ ഇടപാടിൽ തരപ്പെടുത്തിയ കള്ളപ്പണം നിക്ഷേപിച്ചത് ഈ ബാങ്കുകളിലാണ്. ഇതിൽ ഇന്ത്യയിലെ കോടീശ്വരന്മാർക്ക് കള്ളപ്പണത്തിന്റെ അക്കൗണ്ടുകളുണ്ട്. എന്തിന് കോൺഗ്രസ് പാർട്ടിക്കും ഇത്തരം രഹസ്യ അക്കൗണ്ട് വിദേശ ബാങ്കുകളിലുണ്ടെന്ന ആരോപണം ഉന്നയിക്കപ്പെട്ടിട്ടുണ്ട് എന്ന കാര്യം ഗൗരവമുള്ളതാണ്.

ഇത്തരം വിദേശ ബാങ്കുകളിലെ ഇന്ത്യക്കാരുടെ നിക്ഷേപത്തെപ്പറ്റി സമീപകാലത്തു ചില സുപ്രധാന വെളിപ്പെടുത്തലുകളുണ്ടായി. ഇവയെക്കുറിച്ചന്വേഷിച്ച് ഈ പണം ഇന്ത്യയിലെത്തിക്കണമെന്നും കുറ്റവാളി കളെ ശിക്ഷിക്കണമെന്നും സി പി ഐ അംഗങ്ങൾ പാർലമെന്റിൽ തുടർച്ചയായാവശ്യപ്പെട്ടു. മറുപടി പറഞ്ഞ ഗവണ്മെന്റ് ഒഴിഞ്ഞു മാറുകയാണുണ്ടായത്. ഈയിടെ ഇതുസംബന്ധമായ ഒരു കേസിൽ സുപ്രിം കോടതി ശ്രദ്ധേയമായ ഒരു നിരീക്ഷണം നടത്തി. ഈ നാടിനെ കൊള്ളചെയ്ത് ചിലർ പണം വിദേശത്തു കൊണ്ടുപോയി നിക്ഷേപിച്ചിരിക്കുന്നത് ഗൗരവമേറിയ കുറ്റമാണെന്നും ആ പണം ഉടൻ തിരിച്ച് ഇന്ത്യയിൽ എത്തിക്കുന്നതിനു ശക്തമായ നടപടി സ്വീകരിക്കണമെന്നും സുപ്രിംകോടതി കേന്ദ്ര സർക്കാരിനോടാവശ്യ പ്പെട്ടു. അതിനും ഒഴുക്കൻ മറുപടിയായിരുന്നു സർക്കാർ നൽകിയത്. തങ്ങൾ അതിനു ശ്രമിക്കുന്നുണ്ടെന്നും കുറേ വിവരങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ആ വിവരങ്ങളൊന്നും വെളിപ്പെടുത്താൻ കഴിയാത്ത ഉടമ്പടി ബാധ്യതഃ കളുണ്ടെന്നും കുറ്റവാളികളെ ക്രമേണ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുമെന്നും കേന്ദ്രം പറഞ്ഞു.

ഈ രഹസ്യ അക്കൗണ്ടുകളിലെ നിക്ഷേപങ്ങളെപ്പറ്റി കഴിഞ്ഞ രണ്ടു വർഷമായി കേൾക്കുന്ന കഥകൾ ആരെയും ഞെട്ടിപ്പിക്കുന്നവയാണ്. ഈ നിക്ഷേപത്തിന്റെ ആകത്തുക കേന്ദ്ര ബജറ്റിൽ വകകൊള്ളിക്കുന്ന മൊത്തവരുമാനത്തേക്കാൾ വലുതാണത്രെ.

കേന്ദ്ര ധനമന്ത്രി പ്രണബ് മുഖർജിയുടെ കണക്ക് ഈ നിക്ഷേപത്തുക 72 ലക്ഷം കോടി രൂപ വരുമെന്നാണ്. എന്നാൽ അനൗദ്യോഗിക കേന്ദ്രങ്ങൾ പറയുന്നത് ഈ തുക 280 ലക്ഷം കോടി രൂപയുടേതാണ് എന്നാണ്. ഇതിന്റെ അർഥം ഈ തുക ഇന്നത്തെ ജനസംഖ്യയനുസരിച്ചു വിഭജിച്ചാൽ ഓരോ ഇന്ത്യക്കാരനും ശരാശരി രണ്ടേകാൽ ലക്ഷം രൂപ ലഭിക്കുമെന്നതാണ്.

ഇന്ത്യയിൽ തൊഴിലെടുക്കുന്നവരുടെ 94 ശതമാനം പേർ അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരാണ്. ഇവർക്ക് സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഏർപ്പെടുത്തണമെന്ന മുറവിളി കൂടുതൽ ശക്തിപ്രാപിക്കുന്നുണ്ടിപ്പോൾ. അത്തരം ഒരു പദ്ധതി അനുപേക്ഷണീയമാണെന്ന് സർക്കാരും സമ്മതിക്കും. പക്ഷേ അതിനു പണമില്ല. അത്തരം പദ്ധതി തുടക്കംകുറിക്കാനാവശ്യമായ തുക ഒരു ലക്ഷം കോടി രൂപയാണ്. അതില്ലാത്തതുകൊണ്ട് ആ പദ്ധതി നടപ്പാക്കാൻ കഴിയുന്നില്ലെന്നാണ് സർക്കാർ പറയുന്നത്.

ഇന്ത്യയിലെ ഗ്രാമങ്ങളിലാകെ റോഡുകൾ നിർമിക്കുന്നതിനും സ്കൂളുകൾ പ്രവൃത്തിപ്പിക്കുന്നതിനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നതിനും മെച്ചപ്പെട്ട കുടിവെള്ളം ഉറപ്പാക്കുന്നതിനും വൈദ്യുതി ലഭ്യമാക്കുന്നതിനും വീടില്ലാത്തവർക്ക് വീടുനൽകുന്നതിനും പാവപ്പെട്ടവർക്കു പോഷകാഹാരം ഉറപ്പു വരുത്തുന്നതിനും ജലസേചന സൗകര്യങ്ങളേർപ്പെടുത്തുന്നതിനും അധ്യാപകരേയും ഡോക്ടർമാരേയും മറ്റ് ആരോഗ്യ മേഖലക്കാവശ്യമായ ജീവനക്കാരെ ഏർപ്പെടുത്തുന്നതിനുമൊക്കെക്കൂടി കൂടിവന്നാൽ വേണ്ടി വരുന്ന ആകെ ചെലവ്25–30 ലക്ഷം കോടി രൂപയാണ്.

സോണിയാഗാന്ധി വാഗ്ദാനം ചെയ്തതും, ഇതുവരെ നടപ്പാക്കപ്പെടാത്ത തുമായ ഭക്ഷ്യസുരക്ഷാ പദ്ധതി – ഇന്ത്യയിലെ 82 ശതമാനം കുടുംബങ്ങൾക്ക് മാസംതോറും 35 കിലോ ഭക്ഷ്യധാന്യങ്ങൾ, ഗോതമ്പിന് കിലോയ്ക്ക് രണ്ട് രൂപവച്ചും, അരി കിലോയ്ക്ക് മൂന്ന് രൂപവച്ചും ലഭ്യമാക്കുന്ന നിയമാധിഷ്ഠിത ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കാൻ അഞ്ചുവർഷത്തേക്ക് വേണ്ടിവരുന്ന തുക കേവലം നാലരലക്ഷം കോടി രൂപമാത്രം.

കേന്ദ്ര സർക്കാരിന്റെ കൈയ്യിൽ വേണ്ടത്ര പണമില്ലാത്തതുകൊണ്ട് മതിയായ ഗോഡൗൺ സൗകര്യങ്ങൾ ഇല്ല. അതുകൊണ്ട് നമ്മുടെ കർഷകർ ഉൽപാദിപ്പിക്കുന്ന കോടിക്കണക്കിനു ടണ് ഭക്ഷ്യധാന്യങ്ങൾ വെയിലും മഴയും കൊണ്ട് നശിച്ചു വെണ്ണീറാകുന്നു. എലിക്കും പക്ഷിക്കും ആഹാരമാകുന്നു. ഭക്ഷണ മില്ലാതെ ഇന്ത്യയിലെ പിന്നോക്ക ഗ്രാമങ്ങളിലെ മനുഷ്യർ പട്ടിണി കിടന്നു മരിക്കുന്നു.

ലോകത്ത് ഏറ്റവും കൂടുതൽ പച്ചക്കറിയും പഴങ്ങളും ഉൽപാദിപ്പിക്കുന്ന രാജ്യം ഇന്ത്യയാണ്. എന്നാൽ ഇവയിൽ പകുതിയിലേറെയും നശിച്ചുപോകുന്നു. കാരണം അവ സംഭരിക്കാനാവശ്യമായ ശീതീകരണ സംവിധാനങ്ങളുള്ള ഗോഡൗണുകളുടെ ശൃംഖല ഇന്ത്യയ്ക്ക് ഇന്നും ഇല്ല.

ഈ ഇല്ലായ്മകളിൽ നമ്മുടെ നാടും ജനങ്ങളും ദാരിദ്ര്യത്തിലേയ്ക്കും പട്ടിണിയിലേയ്ക്കും തള്ളിനീക്കപ്പെടുന്നു.

ഈ പശ്ചാത്തലത്തിലാണ് വിദേശ ബാങ്കുകളിൽ അധോലോക നായകർ രാജ്യത്തെ കൊള്ളയടിച്ച് നിക്ഷേപിച്ചിരിക്കുന്ന 280 ലക്ഷം കോടി രൂപയുടെ പ്രാധാന്യം മനസ്സിലാക്കാൻ. അതു തിരിച്ച് ഇന്ത്യയിൽ കൊണ്ടുവന്നാൽ ഇന്ത്യയ്ക്ക് സാമ്പത്തികാഭിവൃദ്ധിയും ജനങ്ങൾക്ക് മെച്ചപ്പെട്ട ഗുണമേന്മയുള്ള ജീവിതവും പ്രദാനം ചെയ്യുവാൻ ഈ കൊള്ളപ്പണത്തിന്റെ ചെറിയൊരംശം മാത്രം മതി.

ഇതോടൊപ്പം കൂട്ടിവായിക്കേണ്ടതാണ് രണ്ട് ലക്ഷം കോടി രൂപയുടെ എസ് ബാൻഡ് സ്പെക്ട്രം അഴിമതി. ഇത് പ്രധാനമന്ത്രിയുടെ മൂക്കിനു താഴെ ഐ എസ് ആർ ഒ യിലാണ് നടന്നത്. പ്രധാനമന്ത്രിയുടെ മൗനാനുവാദത്തോടെ എ രാജ നടത്തിയ 2–ജി സ്പെക്ട്രം അഴിമതിയിൽപ്പെട്ടത് 1,76,000 കോടി രൂപ. കോമൺവെൽത്ത് ഗയിംസിന്റെ പേരിൽ കോൺഗ്രസ് നേതാവ് സുരേഷ് കൽമാഡിയും കൂട്ടുകാരും ചേർന്ന് കൊള്ളയടിച്ചത് 75,000 കോടി രൂപ. യു പിയിൽ നടന്ന ഭക്ഷ്യ കുംഭകോണം 2,00,000 കോടിയുടേതാണ്. ആദർശ് ഫ്ളാറ്റ്, ഐ പി എൽ കുംഭകോണം തുടങ്ങിയവ എത്ര കോടിയുടേതാണെന്ന് ഇനിയും തിട്ടപ്പെടുത്തപ്പെട്ടിട്ടില്ല.

നാടിന്റെയും ജനങ്ങളുടെയും സമ്പത്താണ് ചിലർ കൊള്ളയടിച്ചത്. ഇത് നാടിനെ ദരിദ്രമാക്കുന്നു, ജനങ്ങളെ പാപ്പരാക്കുന്നു. ഈ സമ്പത്ത് നാടിന്റെ ഐശ്വര്യത്തിനും ജനങ്ങളുടെ ജീവിതാഭിവൃദ്ധിക്കും ഉതകിയിരുന്നുവെങ്കിൽ നാടിന്റെ മുഖച്ഛായ മാറിയേനേ, ജനജീവിതം മറ്റൊന്നായേനേ.

കേന്ദ്രം ഭരിക്കുന്നവർ അങ്ങനെ ചിന്തിക്കുന്നില്ല. അവർ ഈ കൊള്ളയിൽ പങ്കുപറ്റാൻ ശ്രമിക്കുന്നു. നാടിന്റെയും ജനങ്ങളുടെയും അഭിവൃദ്ധിയിൽ അവർക്കത്രയേ താൽപര്യമുള്ളൂ. അവർ തുടരുന്ന നിയോ ലിബറൽ നയങ്ങൾ ഈ വഴിയിലൂടെത്തന്നെ ഇനിയും നാടിനെ നയിക്കും. അതുകൊണ്ട് ഈ നയത്തിനെതിരെയുള്ള യോജിച്ച ജനകീയ പ്രസ്ഥാനങ്ങളും പ്രക്ഷോഭങ്ങളും വളർത്തി ശക്തമാക്കുക എന്ന കടമ ഇന്നു സുപ്രധാനമാണ്.